Examiners in the Education Department.

336. MR. ALEXANDER VAKAYIL: Will the Honourable Minister for Education be pleased to state:

(*a*) the principle followed in the appointment of Chief and Assistant Examiners for all Examinations conducted by the Education Department; and

(*b*) who makes these appointments?

HON'BLE MR. T. M. VARGHESE: (എ) പരീക്ഷായോഗ്യത, കായ്ക്ഷമത സർവ്വീസ് മുതലായവയെ പരിഗണിച്ചാണ് അസിസ്റ്റൻറ് എക്സാമിനറന്മാരായിട്ടും ചീഫ് എക്സാമിനറായിട്ടുംമറും നിയമിക്കുന്നത്.

(ബി) ഈ നിയമനങ്ങൾ നടത്തുന്നത് ഡയറക്ടരാണ്.

MR. ALEXANDER VAKAYIL: ഇതിന് വല്ല രൂപം നിലവിലിരിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE: ഇവരുടെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം രൂപമൊന്നും ഇല്ലെന്നാണ് തോന്നുന്നത്.

MR. ALEXANDER VAKAYIL: എത്ര കൊല്ലമാണ് ഈ നിയമനങ്ങളുടെ കാലാവധി?

HON'BLE MR. T. M. VARGHESE: കാലാവധി മൂന്നു വർഷത്തേക്കാണെന്നു തോന്നുന്നു. ചിലപ്പോൾ അതിനു വ്യത്യാസവും വന്നേക്കാം.

MR. P. T. CHACKO: I rise to a point of order. The same question was answered once on the floor of this House during this Session. I want a ruling whether the same question should be answered twice in this Session. The same question was asked by another Hon'ble Member and was answered.

MR. PRESIDENT: ഈ മാതിരിയുള്ള സംശയനിവാരണത്തിനു വേണ്ടിയാണ് ഞാൻ രൂളിൽ ഭേദഗതി വരുത്തണമെന്നു പറഞ്ഞത്. അതു ഞാൻ ഇതിനു മുമ്പു പല തവണയും പറഞ്ഞിട്ടുള്ളതാണ്. സഭാംഗങ്ങൾ അതിനുവേണ്ടി ഉള്ള അഭിപ്രായങ്ങൾ പറയാത്തതുകൊണ്ടാണ് ഈ രീതി തുടരുന്നത്.

English High School, Parur.

337. MR. E. K. MADHAVAN (*Parur I—General*): Will the Honourable Minister for Education be pleased to state:

(*a*) the accommodation available in the English High School, Parur; and

(*b*) the number of students in each division of the various classes and the number of girl students amongst them?

HON'BLE MR. T. M. VARGHESE: (*a*) There is accommodation for 771 pupils in three buildings (main building, eastern shed and

LIBRARY ARCHIVES Kerala Legislative Assembly

western shed). As the accommodation available is insufficient for the present strength, the Drill shed which can accommodate 130 pupils and tiffin shed which can accommodate 70 pupils are also used for holding classes.

(*b*) A statement furnishing the information is given belw: —

Form with division.		*Total No. of pupils.*	*No. of girls.*
VI	A		10
	B	32	...
	C	38	14
V.	A	38	12
	B	29	6
	C	36	...
	D	29	15
IV	A	44	44
	B	44	...
	C	44	...
	D	44	...
	E	42	13
III	A	40	36
	B	41	...
	C	40	...
	D	40	...
II	A	36	33
	B	43	...
	C	41	...
	D	46	...
I	A	32	27
	B	39	...
	C	39	...
	D	39	...
	E	40	...
		974	210

MR. E. K. MADHAVAN: ആകെയുള്ള പെൺകുട്ടികളെത്രയെന്നും ആൺകുട്ടികളെത്രയെന്നും പ്രസ്താവിക്കുവാൻ ദയവുണ്ടാകുമോ?

HON'BLE MR. T. M. VARGHESE : ആൺകുട്ടികൾ ൯൬൪, പെൺകുട്ടികൾ ൨൧൦.

MR. E. K. MADHAVAN: പെൺകുട്ടികളെ അവിടെനിന്നും മാറുന്നതായാൽ ആൺകുട്ടികൾക്കു കൂടുതൽ സൌകര്യം ഉണ്ടാകുകയില്ലേ?

HON'BLE MR. T. M. VARGHESE: ആൺകുട്ടികളേയും പെൺകുട്ടികളേയും ഒരുമിച്ചു പഠിപ്പിക്കുന്നതു സ്ഥലത്തിന്റെ കുറവുകൊണ്ടാണ്. എന്നാൽ പെൺകുട്ടികളെ പ്രത്യേകം ഒരു സ്കൂളിലേക്കു മാറുന്ന കാര്യം ഗവണ്മെൻറു് ആലോചിച്ചുവരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly